# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*13** **28/06/2016-ൽ മറുപടിക്ക്**

## ഐ.ടി പാർക്കുകൾ

**ചോദ്യം**

ശ്രീ. എം. മുകേഷ്
,, ബി.സത്യൻ
,, വി.ജോയി
ശ്രീമതി യു. പ്രതിഭാ ഹരി

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ടെക്നോപാർക്ക് ഉൾപ്പെടെയുള്ള ഐ.ടി പാർക്കുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തൊഴിൽ സാധ്യത കണക്കിലെടുത്ത് കൂടുതൽ ഐ.ടി സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (ബി) (സി) & (ഡി) | തൊഴിൽ സാധ്യത കണക്കിലെടുത്ത് കൂടുതൽ ഐടി സംരംഭങ്ങൾ ആരംഭിക്കുന്നതിനുതകുന്ന ഒരു സമഗ്ര ഐടി നയം സ്റ്റേക്ക്ഹോൾഡേഴ്സുമായി കൂടിയാലോചിച്ച് ഉടൻ കൊണ്ടുവരുന്നതാണ്. പദ്ധതികൾ തന്നാണ്ടിലെ പദ്ധതി രേഖയിലും ബഡ്ജറ്റിലും നിർദ്ദേശിക്കും. ഇതു സംബന്ധിച്ച നയപ്രഖ്യാപനത്തിലെ പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ചെറുപട്ടണങ്ങളിലും ഗ്രാമങ്ങളിലും കൂടി ഈ സംരംഭങ്ങൾ വ്യാപിപ്പിക്കുവാനായി എന്തെങ്കിലും പദ്ധതികൾ ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | | |
| (ഡി) | വൻകിട, ചെറുകിട പാർക്കുകളുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ കേരള സ്റ്റേറ്റ് ഐ. ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ പ്രാപ്തമാക്കാൻ നടപടി സ്വീകരിക്കുമോ? | | |

Indu.G.S

**സെക്ഷൻ ഓഫീസർ**

അനുബന്ധം

ഐ.റ്റി മേഖലയെ ഇന്ത്യയിലും വിദേശത്തുമുള്ള നിക്ഷേപകർക്ക് കൂടുതൽ ഇഷ്ടപ്പെട്ട ലക്ഷ്യസ്ഥാനമാക്കിക്കൊണ്ട്, ആ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. ബിസിനസ് ചെയ്യുന്നതിലെ അനായസത ഉറപ്പുകൊടുക്കുന്നതിലൂടെ നിക്ഷേപം സുകരമാക്കുന്നതിനും നിക്ഷേപ അന്തരീക്ഷവും ആവാസവ്യവസ്ഥയും സൃഷ്ടിക്കുന്നതിനും വേണ്ടി സബ്സിഡികൾ നൽകുന്ന കാലഘട്ടത്തിൽ നിന്നും അകന്നുനീങ്ങിക്കൊണ്ട്, ഒരു പ്രൊഫഷണൽ സമീപനം സ്വീകരിക്കുന്നതാണ്.

ഒരു സമഗ്ര ഐ.റ്റി നയം സ്റ്റേക്ക്ഹോൾഡർമാരുമായി കൂടിയാലോചിച്ച് അടുത്ത രണ്ടുമാസത്തിൽ കൊണ്ടുവരുന്നതാണ്.

ഐ.റ്റി വ്യവസായത്തിലെ മാറിവരുന്ന ആവശ്യതകൾക്കനുസൃതമായി നമ്മുടെ യുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുവാൻ ഊന്നൽ നൽകുന്നതാണ്.

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതും നടന്നുവരുന്ന സംരംഭങ്ങൾ പൂർത്തീകരിക്കുന്നതുമാണ്.

കോഴിക്കോട്ടെ സൈബർ പാർക്കിന്റെ ഒന്നാംഘട്ടം ഈ വർഷത്തിൽ പൂർത്തീകരിക്കും. 2.88 ലക്ഷം ചതുരശ്ര അടി പുതിയ കെട്ടിടത്തിൽ അലോട്ട്മെന്റ് ആരംഭിക്കും.

തിരുവനന്തപുരത്തെ ടെക്നോ സിറ്റി പ്രോജക്ട് മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതാണ്.

കേരള ടെക്നോളജി സ്റ്റാർട്ട്-അപ്പ് പോളിസിക്ക് അനുസൃതമായി സ്റ്റാർട്ട്-അപ്പുകളുടെ നിലവിലുള്ളതും പുതിയതുമായ പദ്ധതികൾ തുടരുന്നതാണ്.

ടെക്നോളജി ഇന്നൊവേഷൻ സോണിന്റെ രണ്ടാംഘട്ടത്തിനു കീഴിൽ 105 കോടി രൂപ വരുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുക്കും. പദ്ധതിയുടെ മൂന്നാം ഘട്ടവും ഈ വർഷം ആരംഭിക്കുന്നതും 2018-ൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതുമാണ്.

തെരഞ്ഞെടുക്കപ്പെട്ട 1000 നൂതന ആശയങ്ങളെ പിന്തുണയ്ക്കുന്നതിനുവേണ്ടി ഓരോന്നിനും 2 ലക്ഷം രൂപ സഹായം നൽകും.

നൂതന ആശയങ്ങൾ അറിയുവാനും കൈമാറ്റം ചെയ്യുവാനും പൊതുജനങ്ങൾക്കിടയിലെ ബന്ധപ്പെട്ടവരുമായുള്ള ചർച്ചയ്ക്കും വേണ്ടി ഓപ്പൺ ഇന്നൊവേഷൻ സ്പേസുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതാണ്.

ആർ & ഡി സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, വിദ്യാർത്ഥിനികൾ, വ്യവസായ സംരംഭകർ മുതലായവരുടെ ആശയവിനിമയം സുകരമാക്കുന്നതിനുവേണ്ടി, സയൻസ് & ടെക്നോളജി ഇന്നൊവേഷൻ & കൊമേഴ്സ്യലൈസേഷൻ കേരള (STICK) എന്ന ഒരു വെർച്വൽ പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതും ആ പ്ലാറ്റ്ഫോമിലൂടെ വികസിപ്പിച്ചെടുത്ത ആശയങ്ങൾ പരിശോധിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വേണ്ടി, ഒരു ഭൗതിക പരീക്ഷണശാല കളമശ്ശേരിയിലെ ടെക്നോളജി ഇന്നൊവേഷൻ സോണിൽ സ്ഥാപിക്കുന്നതുമാണ്.

തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ്, കേരളയുടെ പൂർണ്ണമായും സജ്ജമായ റസിഡൻഷ്യൽ ക്യാമ്പസ് 2017 മാർച്ച് 31-ഓടുകൂടി തയ്യാറാക്കുന്നതാണ്.

ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ (FOSS) ന്റെയും ഫ്രീ നോളജ് സംരംഭങ്ങളുടെയും ലോകവ്യാപകമായ ശൃംഖല മുതലെടുത്തുകൊണ്ട് ഇക്ഫോസ്സ് (ICFOSS) കേരള സമൂഹത്തിന്റെ വികസന ആവശ്യങ്ങളിൽ ശ്രദ്ധ ഊന്നിയുള്ള ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറിനെ ഒരു അക്കാദമിക ഓർഗനൈസേഷനായി വികസിപ്പിക്കുന്നതാണ്.

സംസ്ഥാന ഡാറ്റാ സെന്ററിന്റെ അടിസ്ഥാന സൗകര്യത്തെ, അന്താരാഷ്ട്ര നിലവാരങ്ങളിലേക്ക് ഉയർത്തിക്കൊണ്ട് കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

രണ്ട് സ്റ്റേറ്റ് ഡാറ്റാ സെന്ററുകളിലും സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്കിലും വിനിമയസംവിധാനം നിരീക്ഷിക്കുവാനും, സാധ്യമായ സൈബർ ആക്രമണത്തിനെതിരെ ശക്തമായി പ്രവർത്തിക്കുന്ന ആധുനിക സൗകര്യങ്ങളോടുകൂടി ഒരു സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ സ്ഥാപിക്കുന്നതാണ്.

Indu. S. S.

സെക്ഷൻ ഓഫീസർ